KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 3025/Plg        തിയ്യതി: 02.07.2021

## സർക്കുലർ നമ്പർ 62 /2021 (BD)

വിഷയം : ചിട്ടിലേലം- സമയം പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന : 01.07.2021 ലെ സർക്കുലർ നമ്പർ 61/2021

** ** **

നമ്മുടെ ചിട്ടിലേലങ്ങൾ വീണ്ടും ആരംഭിക്കുകയാണെന്ന് മേൽ സൂചന പ്രകാരം അറിയിച്ചിരുന്നുവല്ലോ. ഇപ്പോൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ലേലനടപടികൾക്ക് അനുവാദമില്ല. അതുപോലെത്തന്നെ ശനിയാഴ്ച ഇപ്പോൾ പ്രവൃത്തി ദിവസം അല്ല. അതിനാൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പതിവിൽ കൂടുതൽ തിരക്ക് അനുഭവപ്പെടാൻ സാധ്യതയുണ്ട്. കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചുകൊണ്ട് വേണം ലേലനടപടികൾ നടത്തേണ്ടത് എന്നതിനാൽ ലേലത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം കർക്കശമായി നിയന്ത്രിക്കേണ്ടതുണ്ട് .

ആയതിനാൽ ഓരോ ചിട്ടികളുടെയും ലേലനടപടികളുടെ സമയക്രമം മുൻകൂട്ടി നിശ്ചയിച്ച് ഇടപാടുകാരെ അറിയിച്ച് ലേലസ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നിജപ്പെടുത്തേണ്ടതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ ആഴ്ചയും സർക്കാർ നിർദ്ദേശങ്ങൾ കോവിഡ് രോഗസ്ഥിതിവിവരക്കണക്കിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതിനാൽ ഓരോ ആഴ്ചയിലേയും ചിട്ടികൾ കണക്കാക്കി ബന്ധപ്പെട്ട ഇടപാടുകാരെ ചിട്ടിലേലങ്ങളുടെ സമയക്രമം അറിയിക്കേണ്ടത് .

പരാതികൾക്ക് ഇടവരുത്താതെ ഓരോ ശാഖയും അവരവരുടെ സാഹചര്യങ്ങൾ അനുസരിച്ച് ഓരോ ചിട്ടിയ്ക്കും ചിട്ടിലേലസമയം നിശ്ചയിക്കേണ്ടതും അത് കാലേക്കൂട്ടി ഇടപാടുകാരെ അറിയിക്കേണ്ടതുമാണ്. ഇതിനെ സംബന്ധിച്ച അറിയിപ്പ് ഇടപാടുകാർക്ക് ഹെഡ് ഓഫീസിൽ നിന്നും എസ്.എം.എസ് ആയി അയച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ

KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 3025/Plg തിയ്യതി: 02.07.2021

## സർക്കുലർ നമ്പർ 62 /2021 (BD)

വിഷയം : ചിട്ടിലേലം- സമയം പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന : 01.07.2021 ലെ സർക്കുലർ നമ്പർ 61/2021

** ** **

നമ്മുടെ ചിട്ടിലേലങ്ങൾ വീണ്ടും ആരംഭിക്കുകയാണെന്ന് മേൽ സൂചന പ്രകാരം അറിയിച്ചിരുന്നുവല്ലോ. ഇപ്പോൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ലേലനടപടികൾക്ക് അനുവാദമില്ല. അതുപോലെത്തന്നെ ശനിയാഴ്ച ഇപ്പോൾ പ്രവൃത്തി ദിവസം അല്ല. അതിനാൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പതിവിൽ കൂടുതൽ തിരക്ക് അനുഭവപ്പെടാൻ സാധ്യതയുണ്ട്. കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചുകൊണ്ട് വേണം ലേലനടപടികൾ നടത്തേണ്ടത് എന്നതിനാൽ ലേലത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം കർക്കശമായി നിയന്ത്രിക്കേണ്ടതുണ്ട് .

ആയതിനാൽ ഓരോ ചിട്ടികളുടെയും ലേലനടപടികളുടെ സമയക്രമം മുൻകൂട്ടി നിശ്ചയിച്ച് ഇടപാടുകാരെ അറിയിച്ച് ലേലസ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നിജപ്പെടുത്തേണ്ടതാണ്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ ആഴ്ചയും സർക്കാർ നിർദ്ദേശങ്ങൾ കോവിഡ് രോഗസ്ഥിതിവിവരക്കണക്കിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതിനാൽ ഓരോ ആഴ്ചയിലേയും ചിട്ടികൾ കണക്കാക്കി ബന്ധപ്പെട്ട ഇടപാടുകാരെ ചിട്ടിലേലങ്ങളുടെ സമയക്രമം അറിയിക്കേണ്ടത് .

പരാതികൾക്ക് ഇടവരുത്താതെ ഓരോ ശാഖയും അവരവരുടെ സാഹചര്യങ്ങൾ അനുസരിച്ച് ഓരോ ചിട്ടിയ്ക്കും ചിട്ടിലേലസമയം നിശ്ചയിക്കേണ്ടതും അത് കാലേകൂട്ടി ഇടപാടുകാരെ അറിയിക്കേണ്ടതുമാണ്. ഇതിനെ സംബന്ധിച്ച അറിയിപ്പ് ഇടപാടുകാർക്ക് ഹെഡ് ഓഫീസിൽ നിന്നും എസ്.എം.എസ് ആയി അയച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്കാഡ്കൾക്കും | vi | സർക്കുലർ ഫയൽ |